സഹകരണ സ്ഥാപനങ്ങൾവഴി ആഘോഷവേളകളിൽ അവശ്യസാധനങ്ങളുടെ വിതരണം

47 (5852) ശ്രീ. എ. കെ. ബാലൻ :

ശ്രീ. എം. ഹംസ :

ശ്രീ. കെ. കെ. നാരായണൻ :

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സ്ഥാപനങ്ങൾവഴി ഓണം, വിഷു, ക്രിസ്തുമസ്, പെരുന്നാൾ എന്നിങ്ങനെയുള്ള ആഘോഷവേളകളിൽ പൊതുവിപണിയിൽ വിലക്കയറ്റം തടയാൻ തക്കവിധത്തിൽ അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിൽ ഈ സർക്കാരിന്റെ കാലയളവിലെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സഹകരണ സ്ഥാപനങ്ങളെ ഒഴിവാക്കി സ്വകാര്യ വ്യാപാരസ്ഥാപനങ്ങൾക്ക് സഹായംചെയ്യുന്ന വിധത്തിലുള്ള സമീപനമാണ് ഈ സർക്കാർ സ്വീകരിച്ചതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കാമോ ;

(സി) കമ്പോള ഇടപെടലിന് സഹകരണമേഖലയെ ഉപയോഗപ്പെടുത്താനുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ ഈ സർക്കാരിന് സാധിക്കുന്നില്ല എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സഹകരണ കൺസ്യൂമർ മേഖലയിലെ അപ്പെക്സ് സ്ഥാപനമായ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ പൊതുവിപണിയിൽനിന്നും 20% വരെ കുറഞ്ഞ നിരക്കിൽ അവശ്യ നിത്യോപയോഗ സാധനങ്ങൾ വിലക്കയറ്റത്തിന് സാദ്ധ്യതയേറിയ ഉത്സവകാലങ്ങളിൽ സബ്സിഡി വിപണന മേളകളിലൂടെ വിതരണം ചെയ്തുവരുന്നു. ഓണം, വിഷു, ക്രിസ്തുമസ്, പെരുന്നാൾ എന്നിങ്ങനെയുള്ള ഉത്സവവേളകളിൽ ഇത്തരം വിപണികൾ നടത്തുന്നതിലൂടെ പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങൾക്ക് 15% മുതൽ 50% വരെ വിലകുറയ്ക്കുവാൻ വ്യാപാരികൾ നിർബന്ധിതരാകുകയും തൽഫലമായി വിലക്കയറ്റത്തിന്റെ പരിണിതഫലമായ കൃത്രിമക്ഷാമം പോലെയുള്ള ദുഷ്പ്രവണതകൾ നിയന്ത്രിക്കുവാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പൊതുവിപണിയിലിടപെടുന്നതിനും വില വർദ്ധനവ് നിയന്ത്രിക്കുന്നതിനും കാലാകാലങ്ങളിൽ പ്രവർത്തനം നടത്തുന്ന കൺസ്യൂമർഫെഡ് പോലെയുള്ള സഹകരണ സ്ഥാപനങ്ങൾക്ക് ഫണ്ടിലുള്ള അപര്യാപ്തതമൂലമാണ് പ്രവർത്തനമാന്ദ്യം സംഭവിച്ചിട്ടുള്ളത്. സ്വകാര്യ വ്യാപാര സ്ഥാപനങ്ങൾക്ക് സഹായം ചെയ്യുന്ന വിധത്തിലുള്ള സമീപനമാണ് ഈ സർക്കാർ സ്വീകരിച്ചതെന്ന ആക്ഷേപം അതിനാൽ അടിസ്ഥാനരഹിതമാണ്.

(സി) വിലക്കയറ്റത്തിന് ഏറെ സാധ്യതയുള്ള ഉത്സകാലങ്ങളിൽ സബ്സിഡി വിപണികളിലൂടെ 13 ഇനം അവശ്യനിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയിൽ നിന്നും 20 % വരെ വിലകുറച്ചും നന്മസ്റ്റോറുകളിലൂടെ നിലവിൽ വർഷം മുഴുവൻ 6 ഇനം നിത്യോപയോഗസാധനങ്ങൾ പൊതുവിപണിയേക്കാൾ വിലകുറച്ച് സാമ്പത്തിക ഭാരം കണക്കിലെടുക്കാതെ സഹകരണ കൺസ്യൂമർ മേഖലയിലെ അപെക്സ് സ്ഥാപനമായ കൺസ്യൂമർഫെഡ് വിപണനം നടത്തിവരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കമ്പോള ഇടപെടലിന് സഹകരണ മേഖലയെ ഉപയോഗപ്പെടുത്താൻ ഈ സർക്കാരിന് സാധിക്കുന്നില്ല എന്ന ആക്ഷേപം അടിസ്ഥാനരഹിതമാണ്.

സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം

48 (5853) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം സഹകരണ സ്ഥാപനങ്ങൾ നഷ്ടത്തിലും ഏതെല്ലാം സഹകരണ സ്ഥാപനങ്ങൾ ലാഭത്തിലും പ്രവർത്തിക്കുന്നുണ്ട് ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) നിലവിൽ നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനായി ഏതെല്ലാം സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) സഹകരണ മേഖലയിലെ അപ്പെക്സ് സ്ഥാപനങ്ങളിൽ കേരള സംസ്ഥാന സഹകരണ കാർഷികവികസനബാങ്ക്, കേരള കേരകർഷക സഹകരണ ഫെഡറേഷൻ, കേരള സഹകരണ ഹൗസിംഗ് ഫെഡറേഷൻ, കേരള സഹകരണ ആശുപത്രി ഫെഡറേഷൻ എന്നിവ ലാഭത്തിലും കേരള സംസ്ഥാന സഹകരണ ബാങ്ക്, കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ, കേരള സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ, കേരള സംസ്ഥാന റബ്ബർ മാർക്കറ്റിംഗ്

LIBRARY ARCHIVES Kerala Legislative Assembly